# മരണപ്പെട്ടവരെ ആക്ഷേപിക്കുമ്പോൾ!

സാദിക് മദീനി

ഒരാൾക്കും തട്ടിമാറ്റാനോ ഓടി രക്ഷപ്പെടാനോ കഴിയാത്ത അല്ലാഹുവിന്റെ അലങ്കനീയമായ വിധിയാണ് മരണം. ഒരു വ്യക്തി മരണമടഞ്ഞു എന്ന് അറിയുമ്പോൾ സമൂഹത്തിൽ പൊതുവെ രണ്ടുതരം പ്രതികരണങ്ങളാണ് ഉണ്ടാകാറുള്ളത്. സൽസ്വഭാവിയും സച്ചരിതനും പരോപകാരിയുമാണ് മരണമടഞ്ഞതെങ്കിൽ അദ്ദേഹത്തിന്റെ നന്മകളും അദ്ദേഹത്തിന്റെ വിയോഗം മൂലമുണ്ടാകുന്ന നഷ്ടങ്ങളും അനുസ്മരിക്കുകയും അയവിറക്കുകയും മറ്റുള്ളവരോട് അത് പങ്കുവെക്കുകയും ചെയ്യും. എന്നാൽ കുടുംബങ്ങൾക്കും സമൂഹത്തിനും ഭാരമായിമാറുകയും തിന്മകളിൽ വിഹരിക്കുകയും നന്മയിൽ പിശുക്ക് കാണിക്കുകയും ചെയ്ത ഒരാളുടെ വിയോഗമാണെങ്കിൽ ജനങ്ങൾ അയാളിൽ നിന്നും രക്ഷപ്പെട്ടതിൽ ആശ്വസിക്കുകയും അയാളുടെ വേർപാടുമൂലമുണ്ടാകുന്ന സമാധാനത്തിൽ സന്തോഷിക്കുകയും അതോടൊപ്പം അയാൾ ചെയ്തുകൂട്ടിയ തിന്മകളെ സംസാരവിഷയമാക്കുകയും ചെയ്യും. ഒരു സാധാരണക്കാരൻ മരണമടഞ്ഞാൽപോലും ജനങ്ങളുടെ നാവിൽനിന്ന് അയാൾ പലപ്പോഴും രക്ഷപ്പെടാറില്ല. ഒരു പക്ഷെ അയാളുടെ വിയോഗം മൂലമുള്ള ദുഃഖം ലഘൂകരിക്കുവാനും സഹതാപം രേഖപ്പെടുത്തവാനുമായി അയാളുടെ ജീവിതത്തിൽ ഉണ്ടായ പല വീഴ്ചകളേയും പോരായ്മകളും ആളുകൾക്കുമുമ്പിൽ തുറന്നുവെക്കും. മരണവാർത്ത അറിഞ്ഞതു മുതൽ തുടർന്ന് പല സന്ദർഭങ്ങളിലുമായി ഇത് ആവർത്തിച്ചുകെണ്ടേയിരിക്കും. മോശമായ രൂപത്തിലാണ് ഒരാൾ മരണമടഞ്ഞതെങ്കിലോ അത് പല നാവുകൾക്കും മധുരമായി മാറുന്നു. ജനങ്ങൾ അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ഭവിഷ്യത്ത് മനസ്സിലാക്കണമെങ്കിൽ കൃത്യമായ ഇസ്‌ലമിക അദ്ധ്യാപനം അനിവാര്യമാണ്.

**നാവിനെ സൂക്ഷിക്കുക**

ഏറ്റവും നല്ല ഘടനയോടുകൂടിയാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യ ശരീരത്തിലെ ഓരോ അവയവങ്ങളും അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തെയും അവന്റെ അസ്ഥിത്വത്തെയും അറിയിക്കുന്നവയാണ്. എല്ലില്ലാത്ത ഒരു കഷ്ണം മാംസം കൊണ്ട് കോടി കണക്കായ മനുഷ്യർ അനേകായിരം ഭാഷകൾ സംസാരിക്കുന്നു. മനുഷ്യ മനസ്സിന്റെ ഉള്ള് തുറക്കുന്നതും നാവിലൂടെയാണ്. അതുകൊണ്ട് തന്നെ നാവിനെ ഒരു അനുഗ്രമായി അല്ലാഹു എടുത്തുകാണിച്ചിരിക്കുന്നു. അല്ലാഹു ﷻ പറയുന്നു:

خَلَقَ ٱلۡإِنسَٰنَ . عَلَّمَهُ ٱلۡبَيَانَ

"അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ അവൻ സംസാരിക്കാൻ പഠിപ്പിച്ചു." (വികു: 55: 3,4)

أَلَمۡ نَجۡعَل لَّهُۥ عَيۡنَيۡنِ . وَلِسَانٗا وَشَفَتَيۡنِ . وَهَدَيۡنَٰهُ ٱلنَّجۡدَيۡنِ

‘‘അവന് നാം രണ്ട് കണ്ണുകൾ ഉണ്ടാക്കി കൊടുത്തിട്ടില്ലേ? ഒരു നാവും രണ്ടു ചുണ്ടുകളും. തെളിഞ്ഞു നിൽക്കുന്ന രണ്ടു പാതകൾ അവന്നു നാം കാട്ടികൊടുക്കുകയും ചെയ്തിരിക്കുന്നു.’’ ( വി ക്വു: 90: 8..10)

സത്യം, സദുപദേശം, സ്വലാത്ത്, ദിക്റ്, ക്വുർആൻ പാരായണം തുടങ്ങി അല്ലാഹുവിലേക്ക് അടുക്കാൻ ഉതകുന്ന ധാരാളം സൽകർമ്മങ്ങൾ നാവുമൂലം നേടിയെടുക്കാം എന്നതു പോലെതന്നെ കളവ് പറയൽ, ഏഷണി, പരദൂഷണം, ആക്ഷേപം, പരിഹാസം മുതലായ ധാരാളം മാരകമായ രോഗങ്ങളും നാവുതന്നെയാണ് പരത്തുന്നത്. നാവിന്റെ ദുരുപയോഗം മനുഷ്യനെ ജഹന്നമിലേക്ക് കൊണ്ടെത്തിക്കുന്നു. അതിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് വന്ന ചില പ്രവാചക വചനങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

നബി ﷺ മുആദ് ഇബ്നു ജബൽﷺവിനോട് പറഞ്ഞു:

..وهلْ يكُب الناس في النارِ علَى وجوههم أو علَى مناخرِهم إلا حصائد ألْسِنتهم- الترمذي وصححه الألباني

‘‘ജനങ്ങളെ നരകാഗ്നിയിൽ മുഖം കുത്തി വീഴ്ത്തുന്നത് അല്ലെങ്കിൽ മൂക്ക് കുത്തി വീഴ്ത്തുന്നത് അവരുടെ നാവുകൾ കൊയ്തെടുക്കുന്നതുകൊണ്ടല്ലാതെ മറ്റെന്തു കൊണ്ടാണ്!’’(തിർമിദി)

നബി ﷺ പറഞ്ഞു:

من يضمن لي ما بين لَحييه وما بين رِجلَيه أَضمن لَه الْجنةَ - البخاري

‘‘രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതും രണ്ട് കാലുകൾക്കിടയിലുള്ളതും അനാവശ്യമായി ഉപയോഗിക്കുകയില്ല എന്ന് ആര് എനിക്ക് ജാമ്യം നൽകുന്നുവോ അവന് ഞാൻ സ്വർഗ്ഗത്തിന് ജാമ്യം നിൽക്കാം’’. (ബുഖാരി)

നബി ﷺ പറഞ്ഞു:

إن الْعبد لَيتكَلم بِالْكَلمة ما يتبين ما فيها يهوى بِها فى النارِ أَبعد ما بين الْمشرِقِ والْمغربِ - مسلم

‘‘തീർച്ചയായും ഒരു അടിമ ഒരു വാക്ക് ഉച്ചരിക്കും അതിലുള്ള(തിന്മ)ത് അവൻ അറിഞ്ഞിരിക്കുകയില്ല അതു മൂലം കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ദൂരത്തേക്കാൾ (അഗാതമായ) നരകാഗ്നിയിൽ അവൻ വീഴും (മുസ്‌ലിം)

സുഫ്യാൻ ഇബ്നു അബ്ദില്ല ﵁ പ്രവാചകൻﷺയോട് ചോദിച്ചു:

يا رسولَ الله ما أَخوف ما تخاف علَي فَأَخذَ بِلسان نفْسِه ثُم قَالَ هذَا – الترمذي وصححه الألباني

“താങ്കൾ എന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് എന്താണ്? തിരുമേനിﷺ അവിടുത്തെ നാവ് പിടിച്ചുകൊണ്ട് പറഞ്ഞു: ഇതാണ്’’ (തിർമിദി)

നബി ﷺ പറഞ്ഞു

ويلٌ للذى يحدثُ فَيكْذب ليضحك بِه الْقَوم ويلٌ لَه ويلٌ لَه - أبوداود وحسنه الألباني

‘‘ജനങ്ങളോട് സംസാരിക്കുകയും ശേഷം അവരെ ചിരിപ്പിക്കുവാനായി കളവ് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം അവർക്കാണ് നാശം അവർക്കാണ് നാശം’’ (അബൂദാവൂദ് )

**വിശ്വാസി ആദരണീയൻ**

മനുഷ്യന്റെ രക്തത്തിനും ധനത്തിനുമെന്നതുപോലെതന്നെ അവന്റെ അഭിമാനത്തിനും ഇസ്‌ലാം വിലകൽപ്പിക്കുന്നു. ഒരു വിശ്വാസിയെ ആക്ഷേപിക്കുവാനോ അവനെ നിസ്സാരനാക്കുവാനോ അവന്റെ അഭിമാനത്തിന് കോട്ടംവരുത്തുവാനോ പാടില്ല.

നബി ﷺ പറഞ്ഞു:

كُل الْمسلم علَى الْمسلم حرام دمه وماله وعرضه - مسلم

“ഒരു മുസ്‌ലിന് മറ്റൊരു മുസ്‌ലിമിന്റെ രക്തവും ധനവും അഭിമാനവും ഹറാമാണ്” (മുസ്‌ലിം)

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﷺവിൽനിന്നും നിവേദനം. നബി ﷺ പറഞ്ഞു:

سباب الْمسلم فُسوق وقتاله كُفْر - البخاري

“ഒരു മുസ്‌ലിമിനെ ആക്ഷേപിക്കൽ തെമ്മാടിത്തവും അവനെ വധിക്കൽ കുഫ്റുമാകുന്നു.” (ബുഖാരി)

ഹാഫിദ് ഇബ്നു ഹജർ رحمه الله പറഞ്ഞു: ഈ ഹദീഥിൽ ഒരു മുസ്‌ലിമിന്റെ അവകാശത്തെ മഹത്തപ്പെടുത്തണമെന്നും അന്യായമായി അവനെ ആരെങ്കിലും ആക്ഷേപിച്ചാൽ അത് ഫിസ്ക് ആണ് എന്ന വിധിയുമുണ്ട്. (ഫത്ഹുൽബാരി)

അബ്ദുല്ലാഹ് ഇബ്നു ഉമർﷺവിൽനിന്നും നിവേദനം അദ്ദേഹം പറഞ്ഞു. നബി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു:

..ومن قَالَ فى مؤمنٍ ما لَيس فيه أَسكَنه الله ردغَةَ الْخبالِ.. أبوداود وصححه الألباني

“ഒരു വിശ്വാസിയെ സംബന്ധിച്ച് അവനിൽ ഇല്ലാത്തത് ആരെങ്കിലും പറഞ്ഞാൽ അല്ലാഹു അവനെ നരകവാസികളുടെ നീരിൽ താമസിപ്പിക്കും” (അബൂദാവൂദ്)

വിശ്വാസിയുടെ പവിത്രത സംരക്ഷിക്കൽ മുസ്‌ലിമായ ഓരോ സ്ത്രീ പുരുഷന്മാരുടേയും ബാധ്യതയാണ്. ഒരു മുസ്‌ലിമിന്റെ സ്ഥാനത്തെ വളരെ മഹത്തരമായിട്ടാണ് മുൻഗാമികൾ കണ്ടിരുന്നത്.

അബ്ദുല്ലാഹ് ഇബ്നു ഉമർ ﷺ ഒരിക്കൽ കഅ്ബയിലേക്ക് നോക്കി ഇപ്രകാരം പറഞ്ഞു:

ما أَعظَمك وأَعظَم حرمتك ، والْمؤمن أَعظَم حرمةً عند الله منك- الترمذي وحسنه الشيخ الألباني

“നീ എത്രമാത്രം മഹത്തരമാണ് നിന്റെ പവിത്രത എത്രമാത്രം മഹത്തരമാണ്. ഒരു വിശ്വാസി അല്ലാഹുവിന്റെയടുക്കൽ നിന്നേക്കാൾ മഹത്വമുള്ളവനാണ്.” (തിർമിദി)

പ്രവാചക വചനങ്ങൾക്ക് വിലകൽപ്പിച്ചിരുന്ന സ്വഹാബിമാർ തങ്ങളുടെ നാവിനെ ദുരുപയോഗം ചെയ്യാതിരിക്കുവാനും തന്റെ സഹോദരന്മാർക്കെതിരെ അസഭ്യത്തിന്റെയും ആക്ഷേപത്തിന്റെ ശരങ്ങൾ തൊടുത്തുവിടാതിരിക്കുവാനും പരിശ്രമിച്ചിരുന്നു.

അബൂജുറൈയ്യ് ജാബിറ് ഇബ്നു സുലൈംﷺൽനിന്നും നിവേദനം: ഞാൻ (നബി ﷺയോട്) പറഞ്ഞു: എനിക്ക് താങ്കൾ ഉപദേശം നൽകിയാലും. തിരുമേനി ﷺ പറഞ്ഞു:

« لاَ تسبن أَحدا ». قَالَ فَما سببت بعده حرا ولاَ عبدا ولاَ بعيرا ولاَ شاةً... أبوداود وصححه الألباني

"താങ്കൾ ആരെയും ആക്ഷേപിക്കരുത്. അദ്ദേഹം പറഞ്ഞു: അതിന് ശേഷം ഞാൻ ഒരു സ്വതന്ത്രനേയോ അടിമയേയോ ഒട്ടകത്തേയോ ആടിനേയോ ആക്ഷേപിച്ചിട്ടില്ല." (അബൂദാവൂദ്)

**മരണപ്പെട്ടവരെ വിട്ടേക്കുക**

ശകാരിക്കലും കുറ്റം പറയലും വിരോധിച്ചുകൊണ്ട് വന്ന ഹദീഥുകൾ പൊതുവായി വന്നതായതിനാൽ അതിന്റെ വിധിയിൽ എല്ലാ മുസ്‌ലിം സ്ത്രീ പുരുഷന്മാരും വലിയവരും ചെറിയവരും ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരും ഉൾപ്പെട്ടിരിക്കുന്നു. ജീവിച്ചിരിക്കുന്നവരെ ആക്ഷേപിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്താൽ ഒരുപക്ഷേ അതിന് മറുപടി കൊടുക്കുവാനും പ്രതികരിക്കുവാനും അതിന്റെ സത്യാവസ്ത ആളുകൾക്ക് തെളിയിച്ചു കൊടുക്കുവാനും അവർക്ക് കഴിഞ്ഞേക്കാം. എന്നാൽ മരണപ്പെട്ടവർക്ക് ഇതിന് സാധ്യമല്ല എന്നതിനാൽ തന്നെ മയ്യിത്തിനെ ചീത്തപറയുന്നത് നിരോധിച്ചുകൊണ്ടുള്ള രേഖകൾ പ്രമാണങ്ങളിൽ പ്രത്യേകമായി സ്ഥിരപെട്ട് വന്നിരിക്കുന്നു. ജീവിച്ചിരിക്കുന്നവർക്ക് പവിത്രതയുള്ളതുപോലെതന്നെ മരണശേഷവും ഒരു മുസ്‌ലിം പരിപാവനമാണ്.

നബിﷺ പറഞ്ഞു:

كسر عظم الْميت كَكَسرِه حيا - أبوداود وصححه الألباني

"മയ്യിത്തിന്റെ എല്ല് പൊട്ടിക്കൽ ജീവിച്ചിരിക്കുമ്പോൾ എല്ല് പൊട്ടിക്കുന്നതു പോലെതന്നെയാണ്." (അബൂദാവൂദ്)

ജീവനുള്ള ഒരാളുടെ എല്ല് പൊട്ടിക്കുന്നത് എപ്രകാരം കുറ്റകരമാണോ അപ്രകാരം തന്നെ യാണ് മരണപെട്ടവരുടെ എല്ല് പൊട്ടിക്കുന്നതും. ഇമാം ദാറകുത്നി رحمه الله ആയിശ g വിൽ നിന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

إن كسر عظم الميت ميتا مثل كسره حيا في الإثم - الدارقطني

"മയ്യിത്തിന്റെ എല്ല് പൊട്ടിക്കൽ ജീവിച്ചിരിക്കുമ്പോൾ എല്ല് പൊട്ടിക്കുന്നതുപോലെതന്നെയാണ് പാപത്തിൽ." (ദാറകുത്നി)

മരണത്തോടുകൂടി മുസൽമാന്റെ പവിത്രത അവസാനിക്കുന്നില്ല എന്ന് ഈ ഹദീഥ് വ്യക്തമാക്കുന്നു.

അത്വാഅ് ഇബ്നു അബീറബാഹ് رحمه الله പറഞ്ഞു: മക്കയുടെ അടുത്ത പ്രദേശമായ സറഫിൽ നബിﷺ യുടെ ഭാര്യ മൈമൂന g വഫാത്തായി. അവരുടെ ജനാസയുടെ അടുക്കൽ ഇബ്നു അബ്ബാസ് ﷺവിനോടൊപ്പം ഞങ്ങൾ ഹാജറായി. അപ്പോൾ ഇബ്നു അബ്ബാസ് ﷺ പറഞ്ഞു:

هذه زوجةُ النبي صلى الله عليه وسلم فَإِذَا رفَعتم نعشها فَلَا تزعزعوها ولَا تزلْزلُوها وارفُقُوا- البخاري

"ഇത് പ്രവാചകന്റെ ഭാര്യയാണ്. അവരുടെ മയ്യിത്തുകട്ടിൽ നിങ്ങൾ ഉയർത്തുമ്പോൾ ഇളക്കുകയോ കുലുക്കുകയോ ചെയ്യരുത്. നിങ്ങൾ അവരോട് അനുകമ്പ കാണിക്കുക." (ബുഖാരി)

ഇതിന്റെ വിവരണത്തിൽ ഇബ്നു ഹജർ رحمه الله പറയുന്നു:

ويستفَاد منه أَن حرمة الْمؤمن بعد موته باقية كَما كَانت في حياته - فتح الباري لابن حجر

"ഒരു വിശ്വാസിയുടെ പവിത്രത ജീവിച്ചിരിക്കുമ്പോൾ ഉള്ളത് പോലെതന്നെ മരണശേഷവും അവശേഷിക്കുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം." (ഫത്ഹുൽബാരി)

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് رضي الله عنه പറഞ്ഞു:

أذى المؤمن في موته كأذاه في حياته - مصنف ابن أبي شيبة

"മയ്യിത്തായ ഒരു മുഅ്മിനിനെ ഉപദ്രവിക്കുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തെ ഉപദ്രവിക്കുന്നത് പോലെതന്നെയാണ്." (മുസ്വനഫ് ഇബ്നു അബീ ശൈബ)

ഈ ആശയത്തെ ശരിവെക്കുന്ന മറ്റൊരു ഹദീഥാണ് ഇമാം ബൈഹഖി അബൂറാഫിഇ رضي الله عنهൽ നിന്ന് നിവേദനം ചെയ്തിരിക്കുന്നത്. നബി ﷺപറഞ്ഞു:

من غَسلَ مسلما فَكَتم علَيه غَفَر الله لَه أَربعين مرةً ، ومن حفَر لَه فَأَجنه أَجرى علَيه كَأَجرِ مسكَنٍ أَسكَنه إِياه إِلَى يومِ الْقيامة ، ومن كَفَّنه كَساه الله يوم الْقيامة من سندسٍ وإِستبرقِ الْجنة- البيهقي وصححه الألباني

"ആരെങ്കിലും ഒരു മസ്ലിമിനെ കുളിപ്പിക്കുകയും അവന്റെ (പോരായ്മകൾ) മറച്ചുവെക്കുകയും ചെയ്താൽ അല്ലാഹു അവന് നാൽപ്പത് പ്രാവശ്യം പൊറുത്തുകൊടുക്കുന്നതാണ്. ആരെങ്കിലും അവനുവേണ്ടി കുഴി (ക്വബ്ർ) കുഴിക്കുകയും അതിൽ അവനെ മറമാടുകയും ചെയ്താൽ അവനെ ഒരു വീട്ടിൽ താമസിപ്പിച്ചതായ പ്രതിഫലം അന്ത്യനാളിൽ അല്ലാഹു അവന് നൽകുന്നതാണ്. ആരെങ്കിലും അവനെ കഫൻ ചെയ്താൽ അന്ത്യനാളിൽ സ്വർഗ്ഗത്തിൽനിന്നുള്ള പട്ടുകൾകൊണ്ട് അല്ലാഹു അവനെ അണിയിപ്പിക്കുന്നതാണ്." (ബൈഹഖി.)

മയ്യിത്തിന്റെ ന്യൂനതകൾ മറച്ചുവെക്കുവാനും മയ്യിത്തിൽ കണ്ട മോശമായ കാര്യങ്ങൾ മറ്റുള്ളവരോട് സംസാരിക്കാതിരിക്കുവാനും കുളിപ്പിക്കുന്നവനോട് കൽപ്പിച്ചു. അത് മയ്യിത്തിന്റെ പവിത്രത സൂക്ഷിക്കുവാനും സംരക്ഷിക്കുവാനും വേണ്ടിയാണ്.

ആയിശ g യിൽനിന്നും നിവേദനം, നബി ﷺ പറഞ്ഞു:

لَا تسبوا الْأَموات فَإِنهم قَد أَفْضوا إِلَى ما قَدموا- البخاري

"മരണപ്പെട്ടവരെ നിങ്ങൾ ശകാരിക്കരുത് നിശ്ചയം അവർ മുൻകൂട്ടി ചെയ്തുവെച്ചതിലേക്ക് അവർ എത്തിചേർന്നിരിക്കുന്നു." (ബുഖാരി)

മുഗീറത്തുബ്നു ശുഅ്ബ ﷺ പറഞ്ഞു. നബി ﷺ പറഞ്ഞു:

لَا تسبوا الْأموات فَتؤذُوا الْأَحياءَ – أحمد وصححه الألباني

"മരണപ്പെട്ടവരെ നിങ്ങൾ ചീത്തപറയരുത്, അത് ജീവിച്ചിരിക്കുന്നവരെ വേദനിപ്പിക്കും" (അഹ്മദ്)

മിനായിലുള്ള ഒരു മലമുകളിൽവെച്ച് ഉമർ ﷺ ഇപ്രകാരം പ്രസംഗിച്ചതായി ഹിലാൽ ഇബ്നു യസാഫ് رحمه الله പറയുന്നു:

لا تسبوا الاموات فإن ما سب به الموتى يؤذى به الحي – ابن أبي شيبة

"മരണപ്പെട്ടവരെ നിങ്ങൾ ശകാരിക്കരുത്. കാരണം മരണപ്പെട്ടവർ ആക്ഷേപിക്കപ്പെട്ടാൽ ജീവിച്ചിരിക്കുന്നവർ വേദനിക്കപ്പെടും" (മുസ്വനഫ് ഇബ്നു അബീ ശൈബ)

ഈ ഉദ്ധരണികൾ മരണപ്പെട്ട വ്യക്തിയെ ആക്ഷേപിക്കുന്നത് നിഷിദ്ധമാണെന്ന് വ്യക്തമായിതന്നെ അറിയിക്കുന്നു. കൂടാതെ അതിന്റെ കാരണത്തെയും വിവരിക്കുന്നു.

ഒന്ന്; അവർ പ്രവർത്തിച്ച നന്മയാകട്ടെ തിന്മയാകട്ടെ അതിന്റെ പ്രതിഫലത്തിലേക്ക് അവർ എത്തിപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അവരെ ആക്ഷേപിച്ചതുകൊണ്ട് പ്രയോചനം ഇല്ല.

രണ്ട്: അവരെ ശകാരിക്കുന്നതുമൂലം അവരുടെ മക്കൾ, ബന്ധുകൾ, അവരുമായി ബന്ധമുള്ളവർ എന്നിവർ വേദനിക്കുന്നു. മറ്റുള്ളവരെ വേദനിപ്പിക്കലും ഉപദ്രവിക്കലും മതപരമായി നിഷിദ്ധവുമാണ്.

ഹദീഥിൽ വന്ന سـبَ എന്ന വാക്ക് ആക്ഷേപിക്കുക എന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഹദീഥ് വിവരണ പണ്ഡിതന്മാർ പറയുന്നതുപോലെ ആക്ഷേപിക്കപ്പെടുന്നവനെ ഉപദ്രവിക്കുന്നതും അവനെ കുത്തിപറയുന്നതുമായ എല്ലാ വാക്കുകൾക്കും അവസ്ഥകൾക്കും ഈ വാക്ക് ഉപയോഗിക്കുന്നതാണ്.

ആയിശ g യിൽനിന്നും നിവേദനം, നബി ﷺ പറഞ്ഞു:

إِذَا مات صاحبكُم فَدعوه لاَ تقَعوا فيه – أبوداود وصححه الألباني

"നിങ്ങളുടെ കൂട്ടുകാരൻ മരണപ്പെട്ടാൽ അദ്ദേഹത്തെ നിങ്ങൾ (ആക്ഷേപിക്കാതെ) വിട്ടേക്കുക. അദ്ദേഹത്തെ നിങ്ങൾ അപമാനിക്കരുത്" (അബൂദാവൂദ്)

നബിﷺയുടെ അടുക്കൽവെച്ച് മരണപെട്ട ഒരാളെ കുറിച്ച് മോശമായി പറയപ്പെട്ടു. അപ്പോൾ തിരുമേനി ﷺ പറഞ്ഞു:

لَا تذْكُروا هلْكَاكُم إِلَا بِخيرٍ – النسائي وصححه الألباني

"നിങ്ങളിൽനിന്നും മരണമടഞ്ഞവരെ കുറിച്ച് നല്ലതല്ലാതെ നിങ്ങൾ പറയരുത്." (നസാഇ)

മയ്യിത്തിന് കാരുണ്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അയാളുടെ നന്മകൾ പറയുകയും പോരായ്മകൾ മറച്ചുവെക്കുകയുമാണ് ഒരു മുസ്‌ലിം ചെയ്യേണ്ടത്. ജനങ്ങളുടെ

അഭിമാനം സംരക്ഷിക്കപെടണം എന്നതിനാൽതന്നെ അവരുടെ ന്യൂനതകളും കുറവുകളും മൂടിവെക്കണം എന്ന് ഇസ്‌ലാം നിർദേശിച്ചു.

നബി ﷺ പറഞ്ഞു:

ومن ستر مسلما ستره الله يوم القيامة - مسلم

“ആരെങ്കിലും ഒരു മുസ്‌ലിമിന്റെ ന്യൂനത മറച്ചുവെച്ചാൽ അല്ലാഹു അവന്റെ ന്യൂനത ദുനിയാവിലും പരലോകത്തും മറച്ചുവെക്കുന്നതാണ്.” (മുസ്‌ലിം)

**ചില ഒഴിവുകഴിവുകൾ**

ഇസ്‌ലാം പഠിപ്പിക്കുന്ന പൊതുതത്വം ഇതാണെങ്കിലും ചിലരുടെ (അവർ ജീവിച്ചിരിക്കുന്നവരോ മരണപെട്ടവരോ ആകട്ടെ) ന്യൂനതകളും കുറവുകളും പറയൽ അനിവാര്യമായതിനാൽ അത് അനുവദിക്കപ്പെട്ടു.

ഒന്ന്: ഹദീഥ് നിവേദകൻമാരുടെ പേരായ്മകൾ പറയാവുന്നതാണ് എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

രണ്ട്: സത്യനിഷേധികൾ, തെമ്മാടികൾ, ബിദ്അത്തിന്റെ ആളുകൾ എന്നിവരുടെ കുറവുകൾ പറയാം.

തിന്മയിലേക്ക് ആളുകൾ ആകർഷിക്കപ്പെടാതിരിക്കുവാനും അവരെകുറിച്ച് ജനങ്ങൾക്ക് താക്കീത് കൊടുക്കുവാനും ജനങ്ങളെ ഇത്തരം ആളുകളിൽനിന്ന് അകറ്റുവാനും വേണ്ടി അവരുടെ ന്യൂനതകൾ ജനസമൂഹത്തിൽ വിവരിക്കൽ നിർബന്ധമാകുന്നു. പൊതു തത്വത്തിൽനിന്നും അവരെ പ്രത്യേകം മാറ്റിനിർത്തുവാനുള്ള കാരണം മതത്തെ സംരക്ഷിക്കുക, ആളുകളെ ഗുണദോഷിക്കുക തുടങ്ങിയ നന്മകൾ അതിൽ ഉള്ളതുകൊണ്ടാണ്.

ഇമാം അബൂ മുഹദ് ഇബ്നു ഹസം رحمه الله പറഞ്ഞു: ഉപദ്രവിക്കുക എന്ന ലക്ഷ്യത്തോടെ മരണമടഞ്ഞവരെ ആക്ഷേപിക്കുവാൻ പാടില്ല. എന്നാൽ കുഫ്റ് ബിദ്അത്ത്, തിന്മകൾ എന്നിവ പ്രവർത്തിക്കുന്നവനാണെങ്കിൽ അവരെ ആക്ഷേപിക്കലും കുഫ്റിന്റെ ആളുകളെ ശപിക്കലും അനുവദനീയമാണ്. ശേഷം മരണപ്പെട്ടവരെ ആക്ഷേപിക്കുന്നത് വിരോധിച്ചുകൊണ്ടുള്ള ആയിശ g യുടെ ഹദീഥ് അദ്ദേഹം ഉദ്ധരിക്കുന്നു.

വീണ്ടും അദ്ദേഹം പറഞ്ഞു: അല്ലാഹു അബൂലഹബിനെയും ഫിർഔനിനേയും അവരുടെ സത്യനിഷേധം കാരണത്താൽ ആക്ഷേപിച്ചിരിക്കുന്നു.

അല്ലാഹു ﷻ പറഞ്ഞു:

لُعِنَ ٱلَّذِينَ كَفَرُواْ مِنۢ بَنِىٓ إِسۡرَٰٓءِيلَ عَلَىٰ لِسَانِ

“ഇസ്രായീൽ സന്തതികളിലെ സത്യനിഷേധികൾ നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു.” (വി.ക്വു: അൽമാഇദ:78)

أَلَا لَعۡنَةُ ٱللَّهِ عَلَى ٱلظَّٰلِمِينَ

"അല്ലാഹുവിന്റെ ശാപം ആ അക്രമികളുടെ മേലുണ്ടായിരിക്കും".(വി. ക്വു: ഹൂദ്:18)

അതുപോലെ മിദ്അമിന്റെ മരണശേഷം നബിﷺ അയാളെക്കുറിച്ചു പറഞ്ഞു: "മിദ്അം വഞ്ചിച്ചെടുത്ത പുതപ്പ് അത് അയാളിൽ തീയിനാൽ കത്തിയാളും."[1] (ഇബ്നു ഹസം ജ യുടെ അൽ മുഹല്ലാ 5/156-157)

അനസ് ﵁വിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു:

مر بِجنازة فَأُثْنِى علَيها خير فَقَالَ نبى الله -صلى الله عليه وسلم- « وجبت وجبت وجبت ». ومر بِجنازة فَأُثْنِى علَيها شر فَقَالَ نبى الله -صلى الله عليه وسلم- « وجبت وجبت وجبت ». قَالَ عمر فدى لَك أَبِى وأُمى مر بِجنازة فَأُثْنِى علَيها خيرا فَقُلْت وجبت وجبت وجبت. ومر بِجنازة فَأُثْنِى علَيها شر فَقُلْت وجبت وجبت وجبت فَقَالَ رسولُ الله -صلى الله عليه وسلم- « من أَثْنيتم علَيه خيرا وجبت لَه الْجنةُ ومن أَثْنيتم علَيه شرا وجبت لَه النار أَنتم شهداءُ الله فى الأَرضِ أَنتم شهداءُ الله فى الأَرضِ أَنتم شهداءُ الله فى الأَرضِ ». مسلم

"ഒരു ജനാസ കൊണ്ടുപോകപ്പെട്ടപ്പോൾ അതിനെ പുകഴ്ത്തപ്പെട്ടു അപ്പോൾ നബി ﷺ പറഞ്ഞു അനിവാര്യമായി അനിവാര്യമായി അനിവാര്യമായി. ശേഷം ഒരു ജനാസ കൊണ്ടുപോകപെട്ടപ്പോൾ അതിനെ മോശമായി പറയപ്പെട്ടു, അപ്പോൾ നബി ﷺ പറഞ്ഞു; അനിവാര്യമായി അനിവര്യമായി അനിവാര്യമായി. അപ്പോൾ ഉമർ ﵁ ചോദിച്ചു. പ്രവാചകരെ ഒരു ജനാസ കൊണ്ടുപോകപ്പെട്ടപ്പോൾ അതിനെ പുകഴ്ത്തപ്പെട്ടു അപ്പോൾ താങ്കൾ അനിവാര്യമായി അനിവാര്യമായി അനിവാര്യമായി എന്ന് പറഞ്ഞു. ശേഷം ഒരു ജനാസ കൊണ്ടുപോകപെട്ടപ്പോൾ അതിനെ മോശമായി പറയപ്പെട്ടു, അപ്പോൾ താങ്കൾ അനിവാര്യമായി അനിവാര്യമായി അനിവാര്യമായി എന്ന് പറഞ്ഞു?. തിരുമേനിﷺ പറഞ്ഞു: നിങ്ങൾ പുകഴ്ത്തിയ ആളിന് സ്വർഗം അനിവാര്യമായി നിങ്ങൾ ഇകഴ്ത്തയ ആളിന് നരകം അനിവാര്യമായി. നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാകുന്നു നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാകുന്നു നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാകുന്നു" (മുസ്ലിം)

ഈ ഹദീഥിനെ വിവരിച്ചുകൊണ്ട് ഇമാം നവവി رحمه الله പറയുന്നു:

فَإِنْ قيلَ كَيف مكنوا بِالثناءِ بِالشر مع الْحديث الصحيح في الْبخارِي وغَيره في النهي عن سب الْأَموات ؟ فَالْجواب : أَن النهي عن سب الْأَموات هو في غَير الْمنافق وسائر الْكُفار ، وفي غَير الْمتظَاهر بِفسقٍ أَو بِدعة ، فَأَما هؤلَاءِ فَلَا يحرم ذكْرهم بِشر للتحذير من طَرِيقَتهم ، ومن الاقْتداء بِآثَارِهم والتخلق بِأَخلَاقهم ،

[1] സ്വഹീഹ് ബുഖാരി: 4234

وهذَا الْحديث محمول علَى أَن الذي أَثْنوا علَيه شرا كَانَ مشهورا بِنِفَاقٍ أَو نحوه مما ذَكَرناه . هذَا هو الصواب في الْجواب عنه - شرح النووي على مسلم

“സ്വഹീഹുൽ ബുഖാരിയിലും മറ്റും മരണപെട്ടവരെ ആക്ഷേപിക്കുന്നത് വിരോധിച്ചുകൊണ്ടുള്ള ഹദീഥുകൾ ഉണ്ടായിരിക്കെ എങ്ങിനെ (ഈ ഹദീഥിൽ) മയ്യിത്തിനെ മോശമായി പറയാൻ കഴിഞ്ഞു എന്ന് ചോദിച്ചാൽ അതിനുള്ള മറുപടി; മയ്യിത്തിനെ അപലപിക്കുന്നത് വിരോധിച്ചിരിക്കുന്നത് മുനാഫിക്, സത്യനിഷേധികൾ, ബിദ്അത്ത് തെമ്മാടിത്വം തുടങ്ങിയവ പരസ്യമായി ചെയ്യുന്നവർ എന്നിവരല്ലാത്ത വരെയാണ്. എന്നാൽ ഇത്തരം ആളുകൾ, അവരുടെ മാർഗത്തെക്കുറിച്ച് മുന്നറിയിപ്പ് കൊടുക്കുവാനും അവരുടെ വഴികൾ പിൻതുടരാതിരിക്കുവാനും അവരുടെ സ്വഭാവങ്ങൾ അനുകരിക്കപ്പെടാതിരിക്കുവാനും അവരുടെ അവതാനങ്ങൾ പറയൽ നിഷിദ്ധമല്ല. ഈ ഹദീഥിൽ മോശമായി പറയപ്പെട്ട വ്യക്തി കാപട്യത്തിലോ അല്ലെങ്കിൽ നാം മുമ്പ് പറഞ്ഞവയിലോ പ്രസിദ്ധനായിരുന്നു. ഇതാണ് അതിനുള്ള ശരിയായ മറുപടി.”

ശൈഖ് സ്വാലിഹ് ഇബ്നു ഫൗസാൻ പറഞ്ഞു:

لا يجوز سب الأموات؛ إلا إذا ترتب على ذكرهم مصلحة شرعية؛ كأن يكون هذا الميت من علماء الضلال أو الرواة الكذابين أو له آثار سيئة؛ فإنه يجب تنبيه المسلمين عن آثاره وضلاله؛ ليحذروا من ذلك، أما ذكره مجرد غيبة ومجرد سباب لا مصلحة من ورائه؛ فإنه لا يجوز- المنتقى من فتاوى فضيلة الشيخ صالح بن فوزان بن عبد الله الفوزان [ رقم الفتوى في مصدرها: 129]

“മതപരമായ ഒരു നന്മയുണ്ടെങ്കിലല്ലാതെ മരണപെട്ട വ്യക്തിയെ ആക്ഷേപിക്കാൻ പാടില്ല. മരണപ്പെട്ട വ്യക്തി വഴിപിഴപ്പിക്കുന്ന പണ്ഡിതന്മാരിൽ പെട്ടവനോ കളവ് പറയുന്ന ഹദീഥ് നിവേദകനോ അല്ലെങ്കിൽ മോശമായ സ്വാധീനം ഉള്ളവനോ ആണെങ്കിൽ അയാളുടെ വഴികേടിനെ കുറിച്ചും അയാളുടെ ചീത്ത സ്വാധീനത്തെ കുറിച്ചും മുസ്‌ലിമിനെ അറിയിക്കൽ അനിവാര്യമാണ്. എന്നാൽ നന്മയില്ലാത്ത കേവലം പരദൂഷണം പറയലോ ആക്ഷേപിക്കലോ ആണെങ്കിൽ അത് അനുവദനീയമല്ല.”